# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 1937** **22.01.2014-ലെ മറുപടിക്ക്**

**<u>കാലഹരണപ്പെട്ട തസ്തികകൾ</u>**

| | **ചോദ്യം**<br>ശ്രീ. സി.കെ. സദാശിവൻ | **ഉത്തരം**<br>ബഹു. മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | കാലഹരണപ്പെട്ട തസ്തികകൾ നിർത്തലാക്കിക്കൊണ്ട് അതിലെ ജീവനക്കാരെ പ്രത്യേകം പൂളിലേയ്ക്ക് മാറ്റണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് ഏത് തീയതിയിലായിരുന്നു ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | സർക്കാർ വകുപ്പുകളിലെ അധിക തസ്തികകൾ കണ്ടെത്തുന്നതിന് 08.08.2012 ലെ സ.ഉ. (പി) നം. 441/2012/ധന ഉത്തരവ് മുഖേന ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിൽ രൂപീകരിക്കപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതാധികാര സമിതി എടുത്ത തുടർ നടപടികൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ; | വിവിധ സർക്കാർ വകുപ്പുകളിലെ അധിക തസ്തികകളെ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടി വരുന്ന ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പിലെ നിലവിലുള്ള തസ്തികകളുടെ പുനർവിന്യാസത്തിനുള്ള സാദ്ധ്യത പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം വകുപ്പുകളിലെ എത്ര തസ്തികകളാണ് കാലാകാലങ്ങളിലുള്ള തുടർ അനുമതിയോടെ നിലനിന്നുപോന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത തസ്തികകൾ നിലവിലുള്ള ഉത്തരവ് പ്രകാരം ഇല്ലാതാകുന്ന തീയതി എന്നാണെന്ന് വ്യക്താമക്കുമോ ? | വിവിധ വകുപ്പുകളിലായി ഏകദേശം 30500 തസ്തികകളാണ് തുടർ അനുമതിയോടെ നിലനിൽക്കുന്നത്. 11.10.2013 ലെ സ.ഉ. (പി) നം. 515/2013/ധന പ്രകാരം ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സമിതിയുടെ അവലോകന റിപ്പോർട്ട് പരിശോധിച്ചശേഷം പ്രസ്തുത തസ്തികകളുടെ കാര്യത്തിൽ തുടർ നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ